# ഭാരതീയ റിസർവ് ബാങ്ക്

www.rbi.org.in

ആർബിഐ/2020-21/42
ഡിഒആർ.ബിപി.ബിസി.നം.15/21.06.201/2020-21

സെപ്റ്റംബർ 29, 2020

എല്ലാ കൊമേഴ്സ്യൽ ബാങ്കുകൾക്കും
(സ്മോൾ ഫിനാൻസ് ബാങ്കുകൾ, പെയ്മെന്റ് ബാങ്കുകൾ, ആർആർബി-കൾ, ലോക്കൽ ഏരിയ ബാങ്കുകൾ ഒഴികെ)

പ്രിയപ്പെട്ട സർ/മാഡം,

**ബേസൽ III മൂലധനചട്ടങ്ങൾ - അവസ്ഥാന്തര ക്രമീകരണങ്ങളുടെ അവലോകനം**

'ബേസൽ III മൂലധനചട്ടങ്ങൾ - അവസ്ഥാന്തര ക്രമീകരണങ്ങളുടെ അവലോകനം' എന്ന വിഷയത്തെക്കുറിച്ച് 2020 മാർച്ച് 27-ാം തീയതി പുറപ്പെടുവിച്ച സർക്കുലർ ഡിഒആർ.ബിപി.ബിസി.നം.45/21.06.201/2019-20 ദയവായി പരിശോധിക്കുക.

2. കോവിഡ് - 19 മൂലമുണ്ടായ ക്ലേശങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നത് പരിഗണിച്ച് ക്യാപിറ്റൽ കൺസർവേഷൻ ബഫർ (സിസിബി) യുടെ അവസാന ശകലമായ 0.625 ശതമാനം നടപ്പാക്കുന്നത് 2020 സെപ്റ്റംബർ 30 മുതൽ 2021 ഏപ്രിൽ 1 വരേയ്ക്കും നീട്ടിവയ്ക്കാൻ തീരുമാനിച്ചിരിക്കുന്നു. അതിൻപ്രകാരം 'ബേസൽ III ചട്ടങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് 2015 ജൂലൈ 01 ന് പുറപ്പെടുവിച്ചിരുന്ന മാസ്റ്റർ സർക്കുലർ, ഡിബിആർ.നം.ബിപി.ബിസി.1/21.06.201/2015-16- ലെ 'ക്യാപിറ്റൽ കൺസർവേഷൻ ബഫർ ഫ്രെയിം വർക്ക്' എന്ന പാർട്ട് - ഡി യുടെ 15.2.2 ഖണ്ഡികയിൽ പറഞ്ഞിരുന്ന ഏറ്റവും കുറഞ്ഞ മൂലധന പരിപാലന അനുപാതങ്ങൾ 2021 ഏപ്രിൽ 1 ന് സിസിബി 2.5 ശതമാനത്തിലെത്തുന്നതുവരേക്കും തുടർന്നും ബാധകമായിരിക്കുന്നതാണ്.

3. രൂപാന്തരീകരണം/ അധിക ടയർ 1 പത്രങ്ങളുടെ (പെർപെച്ച്വൽ നോൺ - കൺവേർട്ടിബിൾ പ്രിഫറൻസ് ഷെയറുകൾ) മൂല്യം കുറയ്ക്കൽ എന്നിവ മുഖേന നഷ്ടം ആഗിരണം ചെയ്യുവാനായി മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഉത്തേജനം നഷ്ടസാധ്യതാ ആസ്തികളുടെ 5.5 ശതമാനമായി തുടരുകയും 2021 ഏപ്രിൽ 1 മുതൽക്ക് 6.125 ശതമാനത്തിലേക്ക് ഉയരുകയും ചെയ്യുന്നതായിരിക്കും.

താങ്കളുടെ വിശ്വസ്തതയുള്ള

(ഉഷാ ജാനകിരാമൻ)
ചീഫ് ജനറൽ മാനേജർ